RCS/10091/2024/IT(2)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
ജവഹർ സഹകരണ ഭവൻ,
ഡി.പി.ഐ ജംഗ്ഷൻ,
തിരുവനന്തപുരം – 14.
ഫോൺ 0471-2330825
ഇ-മെയിൽ keralarcs.coop@kerala.gov.in
www.cooperation.kerala.gov.in
തീയതി : 07-11-2025

**<u>സർക്കുലർ നമ്പർ 31/2025</u>**

വിഷയം : സഹകരണ വകുപ്പ് – പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, വനിത സഹകരണ സംഘങ്ങൾ, ഹൗസിംഗ് സഹകരണ സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിലെ വകുപ്പ് 66(1) ലെ മേൽനോട്ട പ്രകാരമുള്ള പരിശോധനകൾ കോ-ഓപ്പറേറ്റീവ് മൊബൈൽ ഇൻസ്പെക്ഷൻ ആപ്ലിക്കേഷൻ(CIMA) വഴി നടപ്പാക്കുന്നത് – സംബന്ധിച്ച്.

പരാമർശം : 1. സഹകരണ സംഘം രജിസ്ട്രാറുടെ 24/02/2025 –ലെ 7/2025 നമ്പർ സർക്കുലർ നിർദ്ദേശം.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലെ(PACS) മിന്നൽ പരിശോധനകൾ സഹകരണ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മൊബൈൽ ആപ്ലിക്കേഷൻ (CIMA) മുഖാന്തിരം മാത്രം നടത്തുന്നതിന് പരാമർശം(1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. സംസ്ഥാനത്തെ PACS, വനിത, ഹൗസിംഗ് , എംപ്ലോയീസ് സഹകരണ സംഘങ്ങളിലെ മിന്നൽ പരിശോധനകളുമായി ബന്ധപ്പെട്ട്, കേരള സഹകരണസംഘം നിയമം 1969-ലെ വകുപ്പ് 66A പ്രകാരം സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുള്ള അധികാരത്തെ അടിസ്ഥാനമാക്കി, താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സംസ്ഥാനത്തെ വനിത, ഹൗസിംഗ് , എംപ്ലോയീസ് സഹകരണ സംഘങ്ങളിലെ മിന്നൽ പരിശോധനകൾ 01/11/2025 മുതൽ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മൊബൈൽ ആപ്ലിക്കേഷൻ (CIMA) മുഖാന്തിരം മാത്രം നടത്തേണ്ടതാണ്.
2. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലെ കോ-ഓപ്പറേറ്റീവ്

ഇൻസ്പെക്ഷൻ മൊബൈൽ ആപ്ലിക്കേഷൻ (CIMA) പരിശോധനയുമായി ബന്ധപ്പെട്ട പരാമർശം(1) സർക്കുലറിലെ 1,7,8,17,18,29 ഒഴികെയുള്ള വ്യവസ്ഥകൾ വനിത, ഹൗസിംഗ് , എംപ്ലോയീസ് സഹകരണ സംഘങ്ങളുടെ മിന്നൽ പരിശോധനകൾക്കും ബാധകമായിരിക്കുന്നതാണ്.

3. എല്ലാ വനിത സഹകരണ സംഘങ്ങളും, ഹൗസിംഗ് സഹകരണ സംഘങ്ങളും , എംപ്ലോയീസ് സഹകരണ സംഘങ്ങളും സഹകരണ വകുപ്പ് വെബ് സൈറ്റിൽ നിന്നും 'Cima Connect' മൊബൈൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യേണ്ടതും സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ നിന്നും user Id, Password എന്നിവ കൈപ്പറ്റേണ്ടതും, ആപ്ലിക്കേഷൻ ലോഗിൻ ചെയ്ത് അതിൽ ലഭിക്കുന്ന ഇൻസ്പെക്ഷൻ നോട്ടീസുകൾ ഡൗൺലോഡ് ചെയ്യേണ്ടതും നോട്ടീസിൽ നിർദ്ദേശിക്കപ്പെടുന്ന തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.
4. സംഘങ്ങൾ CIMA Connect, ഇ-മെയിൽ എന്നിവ മുഖേന ലഭ്യമാകുന്ന നോട്ടീസുകളിൽ പരമാർശിക്കപ്പെട്ടിരിക്കുന്ന ന്യൂനതകൾ പരിഹരിച്ച് 15 ദിവസത്തിനകം സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) -നെ നേരിട്ട് ബോധ്യപ്പെടുത്തേണ്ടതാണ്. ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ, ടി ന്യൂനതകൾ പരിഹരിച്ചതായി ബോദ്ധ്യപ്പെടുന്ന പക്ഷം ആയത് പരിഹരിച്ചതായി CIMA വെബ് ആപ്ലിക്കേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.
5. പരാമർശം(1) സർക്കുലർ വ്യവസ്ഥ 17,18 - എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള 'Co-op Connect' ആപ്ലിക്കേഷന്റെ പേര് 'Cima Connect' എന്ന് പുനർനാമകരണം ചെയ്തിട്ടുള്ളതാണ്. ആയതിനാൽ എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും സഹകരണ വകുപ്പ് വെബ് സൈറ്റിൽ നിന്നും 'Cima Connect' മൊബൈൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യേണ്ടതും അവരുടെ നിലവിലെ 'Co-op Connect' -ന്റെ user Id, Password എന്നിവ ഉപയോഗിച്ച് 'Cima Connect' ആപ്ലിക്കേഷൻ ലോഗിൻ ചെയ്ത് അതിൽ ലഭിക്കുന്ന ഇൻസ്പെക്ഷൻ നോട്ടീസുകൾ ഡൗൺലോഡ് ചെയ്യേണ്ടതും നോട്ടീസിൽ നിർദ്ദേശിക്കപ്പെടുന്ന തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.
6. പരാമർശം(1) സർക്കുലറിലെ 21 നമ്പർ വ്യവസ്ഥ നിലവിലുള്ളത് താഴെപ്പറയുംവിധം ഭേദഗതി ചെയ്തുകൊള്ളുന്നു.

> "താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) -മാരിൽ നിന്നും CIMA വെബ് ആപ്ലിക്കേഷൻ മുഖേന ലഭിക്കുന്ന പരിശോധന റിപ്പോർട്ടുകളിലുള്ള ന്യൂനതകളുടെ ഗൗരവം വിലയിരുത്തി ആവശ്യമാണെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) നേരിട്ട് സംഘത്തിനോട് ന്യൂനത പരിഹരിക്കാൻ ആവശ്യപ്പെടേണ്ടതാണ്. സംഘത്തിന്റെ ന്യൂനത പരിഹരണം ജോയിന്റ് രജിസ്ട്രാർ ആഫീസിൽ നിന്നും നേരിട്ട് ബോദ്ധ്യപ്പെടേണ്ടതും തികച്ചും അനിവാര്യമായ സാഹചര്യങ്ങളിൽ മാത്രം ന്യൂനത പരിഹരണം സംബന്ധിച്ച പരിശോധനയ്ക്ക് താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർമാരെ ചുമതലപ്പെടുത്താവുന്നതുമാണ്."

7. CIMA ഇൻസ്പെക്ഷൻ ശക്തവും കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സഹകരണ സംഘം രജിസ്ട്രാറുടെ ടിം ഇൻസ്പെക്ഷനുമായി ബന്ധപ്പെട്ട 36/2023 നമ്പർ സർക്കുലർ നിർദ്ദേശം റദ്ദാക്കിയും സഹകരണ സംഘം രജിസ്ട്രാറുടെ 13/94 നമ്പർ സർക്കുലറിൽ പ്രതിപാദിച്ചിട്ടുള്ള പ്രതിമാസ വിശദപരിശോധന നിർത്തലാക്കിയും നിർദ്ദേശം നൽകുന്നു.
8. CIMA പരിശോധനയിൽ ഗുരുതര ക്രമക്കേടുകൾ കണ്ടെത്തുന്ന സംഘങ്ങളിൽ സഹകരണ സംഘം രജിസ്ട്രാറുടെ പ്രത്യേക അനുമതിയോടുകൂടി വകുപ്പ് 66(2A) പ്രകാരമുള്ള ടിം ഇൻസ്പെക്ഷൻ നടത്താവുന്നതാണ്.

(ഒപ്പ്)

Dr. D SAJITH BABU IAS
സഹകരണ സംഘം രജിസ്ട്രാർ

<u>പകർപ്പ് :-</u>

1. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും,
2. എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും(ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖാന്തിരം),
3. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖാന്തിരം),
4. ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും,
5. രജിസ്ട്രാറുടെ മേശപ്പുറത്ത്.
6. വെബ് സൈറ്റ്.
7. സ്റ്റോക്ക് ഫയൽ.

//ആജ്ഞാനുസരണം//

**Signed by Sachin Krishnan**
**Date: 10-11-2025 09:19:36**

നോഡൽ ആഫീസർ (SPMU)